# സത്യത്തിനുവേണ്ടി മുന്നോട്ട്

**മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി**

ഒരു ദിവസത്തെ ഹർത്താൽ കൊണ്ട് സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം 800 മുതൽ 1,000 കോടി രൂപവരെ. കേരള ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ കണക്കാണിത്. സോളാർ കേസുമായി ബന്ധപ്പെട്ട വിവിധ തട്ടിപ്പുകേസുകളിലായി ഇതുവരെ നഷ്ടപ്പെട്ടതായി കണക്കാക്കിയിരിക്കുന്നത് പത്തുകോടി രൂപ.

ജൂൺ 10 മുതൽ ജൂലൈ 18 വരെ 28 ദിവസം നടക്കേണ്ടിയിരുന്ന നിയമസഭാബജറ്റ് സമ്മേളനം ചേർന്നത് 12 ദിവസം. സഭയിൽ ചർച്ച നടന്നത് വെറും നാലു ദിവസം. 13 ദിവസം ചർച്ച ചെയ്യേണ്ടിയിരുന്ന ധനാഭ്യർഥനകളും അതിന്റെ ധനവിനിയോഗ ബില്ലും ചർച്ച ചെയ്യാതെ പാസാക്കേണ്ടി വന്നു. എട്ട് അടിയന്തരപ്രമേയങ്ങളും ഒരു സബ്മിഷനും സോളാർ വിഷയത്തെക്കുറിച്ചു മാത്രമായിരുന്നു. നിയമസഭയുടെ ഒരു സമ്മേളനത്തിൽ ഒരു വിഷയം ഒന്നിൽ കൂടുതൽ തവണ അടിയന്തര പ്രമേയമാക്കാൻ പാടില്ലെന്ന കീഴ്‌വഴക്കം കാറ്റിൽപ്പറന്നു. മഴക്കാല കെടുതികൾ, വിലക്കയറ്റം, പകർച്ചവ്യാധികൾ തുടങ്ങിയ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ സഭ ഒരിക്കലും ചർച്ച ചെയ്തില്ല.

ഹർത്താലിനോട് അനുബന്ധിച്ചും മറ്റു ദിവസങ്ങളിലും നടത്തിയ വ്യാപകമായ അക്രമങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങളും ജനങ്ങൾക്കുണ്ടായ കഷ്ടപ്പാടുകളും മറ്റൊരു വശത്ത്. എന്തിനു വേണ്ടിയാണു ഹർത്താൽ നടത്തുന്നതെന്നു ഹൈക്കോടതി നിരീക്ഷിച്ചു. ജനകീയ വിഷയങ്ങൾക്കു പകരം രണ്ടോ മൂന്നോ സ്ത്രീകളെ ചുറ്റിപ്പറ്റിയുള്ള വിഷയങ്ങളാണ് ചർച്ച ചെയ്യുന്നതെന്നും കോടതി ചൂണ്ടിക്കാട്ടി.

കേരളത്തിന്റെ ചരിത്രത്തിൽ കേട്ടുകേഴ്‌വി പോലുമില്ലാത്ത രീതിയിലാണ് സോളാർ വിഷയത്തിൽ ആരോപണങ്ങൾ ഉയർന്നത്. നിയമസഭയുടെ പരിരക്ഷയിൽ മുമ്പ് ആരോപണങ്ങൾ ഉന്നയിക്കുമായിരുന്നു. ഇപ്പോൾ ചാനലുകളിലും മറ്റും കയറിയിരുന്ന് ആർക്കും എന്തും പറയാവുന്ന അവസ്ഥ. സ്വപ്നത്തിൽപോലും കണ്ടിട്ടില്ലാത്തതും കേട്ടിട്ടില്ലാത്തതുമായ കാര്യങ്ങളാണ് മലവെള്ളപ്പാച്ചിൽ പോലെ വരുന്നത്. പൊതുപ്രവർത്തകർ മര്യാദയുടെ അതിർവരമ്പ് കാത്തുസൂക്ഷിച്ചിരുന്നു. ഇപ്പോൾ കുടുംബാഗങ്ങളെപ്പോലും വിവാദങ്ങളിലേക്ക് വലിച്ചിഴയ്ക്കുകയാണ്. രാഷ്ട്രീയലാഭം മാത്രമേയുള്ളോ ജീവിതത്തിൽ?

മുഖ്യമന്ത്രിയുടെ കസേരയിൽ ഇരിക്കുമ്പോൾ, വിമർശനങ്ങൾ ഉയരുക സ്വഭാവികമാണ്. അതിനെ സഹിഷ്ണുതയോടെ സ്വീകരിക്കുകയും വേണം.

പക്ഷേ വസ്തുതയുടെ ഒരംശംപോലുമില്ലാതെ എന്തും പറയാമെന്ന നിലപാട് നമ്മുടെ വ്യവസ്ഥിതിയുടെ തകർച്ചയാണ്. രാഷ്ട്രീയപ്രതിയോഗികളെ തകർക്കാൻ ഏതറ്റം വരെ പോകാമെന്നും എന്തും ആയുധമാക്കാമെന്നുമുള്ള നിലപാട് ഫാസിസമാണ്.

ആരോപണങ്ങളുടെ പെരുമഴ

എമേർജിംഗ് കേരളയിൽ ഉൾപ്പെടുത്താൻ ഞാൻ ടീം സോളാർ കമ്പനിക്ക് ശിപാർശക്കത്തു നല്കി, ക്ലിഫ് ഹൗസിലും മുഖ്യമന്ത്രിയുടെ ഓഫീസിലും വിവാദകമ്പനി സോളാർ പാനൽ വച്ചു, ഡൽഹി വിജ്ഞാൻ ഭവനിൽവച്ച് സരിതയെ കണ്ടു, അമേരിക്ക ആസ്ഥാനമായ സോളാർ കമ്പനിയുടെ ഇന്ത്യയിലെ നടത്തിപ്പുകാരനാണ് മകൻ തുടങ്ങിയ വന്യമായ ആരോപണങ്ങൾ.

സർക്കാർ പ്രസിദ്ധീകരണമായ ജനപഥത്തിന്റെ മുഖചിത്രം ടീം സോളാറിന്റേതാണ് എന്നു പറഞ്ഞായിരുന്നു ഒരു ദിവസത്തെ അടിയന്തരപ്രമേയം. കേസിലെ പ്രധാന പ്രതി ബിജു രാധാകൃഷ്ണന്റെ അഭിഭാഷൻ നല്കിയ വെളിപ്പെടുത്തലിന്റെ പേരിലായിരുന്നു മറ്റൊരു അടിയന്തര പ്രമേയം. ഈ ആരോപണങ്ങൾക്കൊന്നും ആയുസുണ്ടായില്ല. റിക്കാർഡ് ചെയ്യപ്പെടാത്ത വെബ് സംപ്രേഷണത്തിന്റെയും 14 ദിവസം മാത്രം റിക്കാർഡ് ചെയ്യപ്പെടുന്ന സിസിടിവിയുടെയും ദൃശ്യങ്ങളാണ് പ്രതിപക്ഷം ഇപ്പോൾ ആവശ്യപ്പെടുന്നത്. അതു പരിശോധിക്കാൻ സിപിഎം നിയോഗിക്കുന്ന വിദഗ്ധൻ ഉൾപ്പെടുന്ന സമിതിയെ വയ്ക്കാനാണ് സർക്കാരിന്റെ തീരുമാനം. സർക്കാരിനു ഭയക്കാൻ ഒന്നുമില്ല; ഒളിക്കാനും.

40 ലക്ഷം രൂപ എന്നെ വിശ്വസിച്ചാണ് ടീം സോളാറിനു നല്കിയതെന്ന് ഒരു പരാതിക്കാരൻ പറയുന്നു. പണം നഷ്ടപ്പെട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഒരു തവണയെങ്കിലും അദ്ദേഹത്തിന് എന്നോടു പറയാമായിരുന്നില്ലേ? എനിക്കൊരു കത്തോ, ഇമെയിലോ അയയ്ക്കാമായിരുന്നില്ലേ? അതിനുള്ള ധാർമികാവകാശം അദ്ദേഹത്തിനില്ലായിന്നുവെന്നു വ്യക്തം. തട്ടിപ്പു പദ്ധതികളുടെ സാധ്യതകൾ പഠിക്കാതെയും അതിനു പിന്നിലും മുന്നിലും ഉള്ളവരെക്കുറിച്ചു മനസിലാക്കാതെയുമാണ് പലരും ലക്ഷങ്ങളും കോടികളുമായി എടുത്തുചാടിയത്. തേക്കു–മാഞ്ചിയം തൊട്ട് ടോട്ടൽ ഫോർ യു തട്ടിപ്പുവരെ എത്രയെത്ര അനുഭവങ്ങൾ. എന്നിട്ടും ആരും ഒന്നും പഠിക്കുന്നില്ല.

ഇടതുഭരണത്തിൽ

സോളാർ തട്ടിപ്പുകേസിലെ പ്രതികളുമായി എന്റെ ഓഫീസിലെ മൂന്നു ജീവനക്കാർ ഫോണിൽ ബന്ധപ്പെട്ടിട്ടുണ്ടെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ, ഇക്കാര്യത്തിൽ മുമ്പ് ഇടതുസർക്കാർ സ്വീകരിച്ച നിലപാടല്ല എനിക്കുള്ളത്. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പേഴ്സണൽ അസിസ്റ്റന്റിനെതിരേ ഗുരുതരമായ ആരോപണം

ഉയർന്നിരുന്നു. ഒരു കേസ് ഒതുക്കിത്തീർക്കാൻ അഞ്ചു ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്നായിരുന്നു അത്. തുടർന്ന് പിഎയെ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും പാർട്ടിയിൽ നിന്നും മാറ്റി. പക്ഷേ, പിഎയ്ക്കെതിരേ കേസു ചാർജു ചെയ്യുകയോ, അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ല. ഇതാണോ ഒരു ആഭ്യന്തരമന്ത്രി ചെയ്യേണ്ടിയിരുന്നത്? അന്നു സ്റ്റാഫിലുണ്ടായിരുന്ന സ്ത്രീയുടെ ഭർത്താവ് സ്റ്റാഫിലുള്ള മറ്റു രണ്ടു പേർക്കെതിരേ നല്കിയ പരാതിയിൽ പോലീസ് കേസ്  എടുത്തില്ല. അന്ന് ആഭ്യന്തര മന്ത്രിയുടെ സ്റ്റാഫിലും ഇപ്പോൾ പ്രതിപക്ഷ നേതാവിന്റെ സ്റ്റാഫിലുമുള്ള ആൾക്കെതിരേ നല്കിയ പരാതിയും സ്വീകരിച്ചില്ല. രണ്ടു കേസുകളും ഇപ്പോൾ പേരൂർക്കട പോലീസ് അന്വേഷിച്ചു വരുകയാണ്.

സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് 14 കേസുകളാണ് ഇടതുസർക്കാരിന്റ കാലത്ത് ഉണ്ടായത്. 1.72 കോടി രൂപയാണ് അന്നു തട്ടിയെടുത്തത്. മിക്ക കേസുകളിലും അറസ്റ്റോ കുറ്റപത്രമോ ഉണ്ടായില്ല. ആലപ്പുഴയ്ക്കടുത്ത് വള്ളിക്കുന്നിലെ  തട്ടിപ്പുകേസിൽ കേസെടുക്കാൻ രണ്ടു വർഷം വേണ്ടിവന്നു. വർഷങ്ങളായി കേരളം ഇവരുടെ വിഹാരഭൂമിയാണ്.

## സ്വതന്ത്രമായ അന്വേഷണം

സോളാർ കേസിൽ കുറ്റം ചെയ്ത എല്ലാവരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ തന്നെയാണ് സർക്കാരിന്റെ തീരുമാനം. ഇതിനായി എഡിജിപിയുടെ നേതൃത്വത്തിലുള്ള ഉന്നതപോലീസ് സംഘത്തെ നിയോഗിച്ചു. അവർക്ക് പൂർണ സ്വാതന്ത്ര്യം നല്കി. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ ഇതുമായി ബന്ധപ്പെട്ട് ഇതുവരെ  സ്വീകരിച്ച നടപടികൾ തന്നെ തെളിവ്. തുടർന്നും ഇതേ രീതിയിൽ കേസ് അന്വേഷണം തുടരും. നിലവിലുള്ള കേസ് അന്വേഷണത്തെക്കുറിച്ച് പ്രതിപക്ഷത്തിനുപോലും ആക്ഷേപമില്ല. രാജ്യത്തെ ഏറ്റവും മികച്ച കുറ്റാന്വേഷണ ഏജൻസിയായ സിബിഐക്കു കേസ് വിടരുതെന്നാണ് അവരുടെ ആവശ്യം.

സോളാർ കേസിലെ സത്യം കണ്ടെത്തുകയെന്നതും കുറ്റവാളികളെ ശിക്ഷിക്കുകയെന്നതുമല്ല പ്രതിപക്ഷത്തിന്റെ അജൻഡയിലുള്ളത്. അവർ ഇപ്പോൾ എന്റെ രക്തത്തിനു ദാഹിക്കുകയാണ്. പൊതുജനസേവനത്തിനുള്ള യുഎൻ പുരസ്കാരം ഇത്രയും വലിയ പ്രത്യാഘാതം ഉണ്ടാക്കുമെന്നു ഞാൻ പ്രതീക്ഷിച്ചില്ല. അതിന്റെ വാർത്ത വന്ന അന്നുമുതൽ സിപിഎം നടത്തിയ പ്രചണ്ഡമായ പ്രചാരണങ്ങൾ ശ്രദ്ധിച്ചവർക്ക് ഇതു മനസിലാകും. അവാർഡ് റദ്ദാക്കണം എന്നാവശ്യപ്പെട്ട് യുഎൻ ആസ്ഥാനത്തേക്ക് ഇ മെയിലുകളുടെ

പ്രവാഹമായിരുന്നു. ബഹ്റിനിൽപ്പോലും പ്രതിഷേധം ആസൂത്രണം ചെയ്യാൻ ശ്രമിച്ചു. അവാർഡ് ഏറ്റുവാങ്ങി തിരിച്ചെത്തിയപ്പോഴത്തെ പുകിൽ കേരളം കണ്ടതാണ്. യുഎൻ പുരസ്കാരം റദ്ദാക്കാനുള്ള ശ്രമം പാഴായപ്പോൾ, ഇപ്പോൾ സിപിഎം പറയുന്നത് അവാർഡ് തിരിച്ചുകൊടുക്കണമെന്നാണ്!

ജനസമ്പർക്കത്തിനു കേരളത്തിനു ലഭിച്ച അംഗീകാരമാണിത്. ആ പരിപാടിയിൽ പങ്കെടുത്ത പതിനായിരക്കണക്കിനു പാവപ്പെട്ടവരുടെ പേരിലാണ് അവാർഡ് ഞാൻ ഏറ്റുവാങ്ങിയത്. ജനസമ്പർക്ക പരിപാടിയിൽ പ്രതിപക്ഷവും സഹകരിച്ചതാണെന്ന കാര്യം അവർ മറന്നു. എന്റെ പൊതുജീവിതം എന്നും ജനങ്ങളോടു ബന്ധപ്പെട്ടുള്ളതാണ്. കസേരയുള്ളപ്പോഴും ഇല്ലാത്തപ്പോഴും ഞാൻ അവരോടൊപ്പമായിരുന്നു. മുഖ്യമന്ത്രിയുടെ ഓഫീസും ഔദ്യോഗിക വസതിയും എന്റെ വീടും പോകുന്ന എല്ലായിടവും ഞാൻ അവരുടെ മുമ്പിൽ തുറന്നിട്ടു. ഭീതിയും ആശങ്കയുമില്ലാതെ, കാലവും സമയവും നോക്കാതെ അവർ വന്നുകൊണ്ടിരുന്നു. അതിനിടയിലാണ് നിർഭാഗ്യകരമായ ഇത്തരം ചില സംഭവങ്ങൾ ഉണ്ടായത്. എന്നാൽ, കുറെക്കൂടി ശ്രദ്ധവേണ്ടിയിരുന്നുവെന്ന നിർദേശം ഞാൻ പൂർണമായി ഉൾക്കൊള്ളുന്നു.

## ചുമതലകൾ നിർവഹിക്കും

ഇതിന്റെ പേരിൽ എന്റെ രാജി ആവശ്യപ്പെടുന്നവരുണ്ട്. പക്ഷേ ജനങ്ങളും പാർട്ടിയും മുന്നണിയും എന്നെ ചില ചുമതലകൾ ഏല്പിച്ചുണ്ട്. അതനുസരിച്ച് ഞാനും മന്ത്രിസഭയിലെ എന്റെ സഹപ്രവർത്തകരും നന്നായി അധ്വാനിക്കുന്നുണ്ട്. അതിന്റെ പ്രതിഫലനം ജനങ്ങൾ കാണുന്നുണ്ടെന്നു ഞാൻ കരുതുന്നു. കേരളത്തിന്റെ സ്വപ്നത്തിൽ മാത്രം ഉണ്ടായിരുന്ന പല പദ്ധതികളും ഇപ്പോൾ യാഥാർത്ഥ്യത്തിലേക്കു നടന്നടുക്കുന്നു. കൊച്ചി മെട്രോ, മോണോ റെയിലുകൾ, വിമാനത്താവളങ്ങൾ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം പദ്ധതി തുടങ്ങിയ പലതും വലിയ പുരോഗതി കൈവരിച്ചു. ഈ വിവാദത്തിനിടയിൽ ചേർന്ന ഏറ്റവും ഒടുവിലത്തെ മന്ത്രിസഭയിൽ പോലും ഏറ്റവും പ്രധാനമായി ചർച്ച ചെയ്തത് ക്ഷേമപെൻഷനുകളെക്കുറിച്ചായിരുന്നു.

വികസനവും കരുതലും യുഡിഎഫ് ജനങ്ങൾക്കു മുമ്പാകെ വച്ച വാഗ്ദാനമാണ്. ഓരോ ഇഞ്ചും പൊരുതിയാണെങ്കിലും ലക്ഷ്യത്തിലെത്തുമെന്ന് ഞാൻ ജനങ്ങൾക്ക് ഉറപ്പുനല്കുന്നു.